LIBRARY ARCHIVES Kerala Legislative Assembly

പകൽ സമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങൾ

19 (726) ശ്രീ. പി. എ. മാധവൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായ പകൽ സമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം ജില്ലകളിൽ പകൽ സമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; എന്തെല്ലാം സേവനങ്ങളാണ് ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എല്ലാ ജില്ലകളിലും ഈ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രോഗവിമുക്തി നേടിയവരും എന്നാൽ വീടുകളിൽ പകൽസമയത്ത് പരിചരിക്കാൻ ആളുകൾ ഇല്ലാത്തവരുമായ മനോരോഗികളെ അവരുടെ വീട്ടിൽ ചെന്ന് പകൽ വീടുകളിൽ എത്തിച്ച് പകൽ സമയത്ത് പരിചരിക്കുന്നതിനുള്ള സംവിധാനമാണ് സമഗ്ര മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി ആരംഭിക്കുന്ന പകൽ വീടുകൾ കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിലൂടെ മനോരോഗികളെ അവരുടെ സാമൂഹിക ചുറ്റുപാടുകളിൽ തന്നെ പുനരധിവസിപ്പിക്കാനാകുമെന്ന് കരുതുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് ഇത്തരം പകൽ വീടുകൾ ഊന്നൽ നൽകുന്നു.

1. മെച്ചപ്പെട്ട സാമൂഹിക ജീവിതം സാദ്ധ്യമാക്കുന്നതിലേയ്ക്കായി മനോരോഗികളുടെ വ്യക്തിത്വ വികസനത്തിനാവശ്യമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും തൊഴിൽപരമായ പരിശീലനം നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുക.

2. തങ്ങളുടെ രോഗാവസ്ഥയെപ്പറ്റിയുള്ള മെച്ചപ്പെട്ട അവബോധം നൽകി അവരെ തുടർ ചികിത്സയുമായി കൂടുതൽ സഹകരിപ്പിക്കുക.

3. രോഗികളുടെ വിനോദത്തിനും വിജ്ഞാനത്തിനുമാവശ്യമായ ഉപാധികൾ പ്രദാനം ചെയ്യുക.

4. വ്യായാമം, ആരോഗ്യകരമായ ആഹാരശീലങ്ങൾ എന്നിവയുടെ ആവശ്യകത സംബന്ധിച്ച അവബോധം നൽകി മെച്ചപ്പെട്ട ജീവിതശൈലി സ്വായത്തമാക്കാൻ രോഗികളെ സഹായിക്കുക.

5. മനോരോഗികളുടെ കുടുംബാംഗങ്ങൾക്കാവശ്യമായ കൗൺസിലിംഗും മറ്റ് സഹായങ്ങളും നൽകുക.

6. സുരക്ഷിതമായ പരിതസ്ഥിതികളിൽ തൊഴിൽ സൗകര്യം ലഭ്യമാക്കുക.

(ബി&സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും രണ്ട് വീതം (പുരുഷൻമാർക്കും, സ്ത്രീകൾക്കും ഓരോന്ന വീതം) പകൽ വീടുകൾ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പകൽ വീടുകൾ ആരംഭിച്ചതു സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ താഴെചേർക്കുന്നു. ഇതുവരെ പകൽ വീടുകൾ ആരംഭിക്കാത്ത ജില്ലകളിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

തിരുവനന്തപുരം	2
കൊല്ലം	1
പത്തനംതിട്ട	2
ആലപ്പുഴ	...
കോട്ടയം	1
എറണാകുളം	1
ഇടുക്കി	...
തൃശ്ശൂർ	2
പാലക്കാട്	1
മലപ്പുറം	2
വയനാട്	...
കോഴിക്കോട്	2
കണ്ണൂർ	...
കാസർഗോഡ്	2

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

താഴെപ്പറയുന്ന സൗകര്യങ്ങളാണ് പകൽ വീടുകളിൽ ലഭ്യമാക്കിയിട്ടുള്ളത്:

1. വീടുകളിൽനിന്നും പകൽ വീടുകളിലേക്കും തിരിച്ചുമുള്ള യാത്രാസൗകര്യം.
2. തൊഴിൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ.
3. വിനോദത്തിനും വിജ്ഞാനത്തിനുമുള്ള സൗകര്യങ്ങൾ.
4. ഭക്ഷണം പാകം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ.
5. സാമ്പത്തികമായ നേട്ടങ്ങൾ ലഭിക്കുന്ന ചെറിയ ചെറിയ തൊഴിലുകൾ ചെയ്യുന്നതിനായുള്ള സംരക്ഷിത തൊഴിൽശാലകൾ.
6. വ്യായാമത്തിനുള്ള സൗകര്യങ്ങൾ.
7. രോഗികൾക്കും ബന്ധുക്കൾക്കും കൗൺസിലിംഗ്.
8. സാമൂഹിക ചുറ്റുപാടുകളിലുള്ള രോഗികളുടെ പുനരധിവാസം ലക്ഷ്യമിട്ടുന്ന പരിശീലനം, സഹായം എന്നിവ.

ക്യാൻസർ രോഗം പ്രതിരോധിക്കുന്നതിനും ചികിത്സാ ചെലവ് വഹിക്കുന്നതിനും നടപടി

20 (727) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ക്യാൻസർ രോഗം പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) 2004 മുതൽ 2014 വരെയുള്ള 10 വർഷക്കാലത്തിനുള്ളിൽ ഓരോ വർഷവും എത്രപേർ ക്യാൻസർ രോഗം ബാധിച്ച് മരണമടഞ്ഞിട്ടുണ്ടെന്നു വിശദമാക്കാമോ ;

(സി) നിർദ്ധനരായ ക്യാൻസർ രോഗികളുടെ ചികിത്സാ ചെലവ് സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ?